# ഓൺലൈൻ ഗണിതക്ലാസ്സ് - X - 04 ( 24 / 06 /2021 )

## 1. സമാന്തരശ്രേണികൾ - ക്ലാസ്സ് 2

കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചത് .

**സംഖ്യാശ്രേണികൾ**

ഏതെങ്കിലും നിയമം അനുസരിച്ച് ഒന്നാമത്തേത് , രണ്ടാമത്തേത് , മൂന്നാമത്തേത് , . . .

എന്നിങ്ങനെ ക്രമമായി എഴുതുന്ന ഒരു കൂട്ടം സംഖ്യകളെ സംഖ്യാശ്രേണി ( Number Sequence)

എന്നു പറയുന്നു .

### ശ്രേണിയിലെ പദങ്ങൾ

ഒരു ശ്രേണിയിലെ സംഖ്യകളെ അതിലെ പദങ്ങൾ ( Terms ) എന്നാണ് പറയുന്നത് .

**പ്രവർത്തനം 1**

എണ്ണൽ സംഖ്യാശ്രേണി പരിഗണിക്കുക .

1 , 2 , 3 , 4 , 5 , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |

| 10 -)o പദം | 25 -)o പദം | 50 -)o പദം | 100 -)o പദം | n -)o പദം |
|---|---|---|---|---|
| 10 | 25 | 50 | 100 | n |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 | . . . | 10 | 25 | 50 | 100 | n |
|---|---|---|---|---|---|---|---|---|---|---|---|
| പദം | 1 | 2 | 3 | 4 | 5 | . . . | 10 | 25 | 50 | 100 | n |

**പ്രവർത്തനം 2**

ഇരട്ടസംഖ്യാശ്രേണി പരിഗണിക്കുക .

2 , 4 , 6 , 8 , 10 , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| 2 | 4 | 6 | 8 | 10 |

| 10 -)o പദം | 25 -)o പദം | 50 -)o പദം | 100 -)o പദം | n -)o പദം |
|---|---|---|---|---|
| 20 | 50 | 100 | 200 | 2n |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 | . . . | 10 | 25 | 50 | 100 | n |
|---|---|---|---|---|---|---|---|---|---|---|---|
| പദം | 2 x 1 | 2 x 2 | 2 x 3 | 2 x 4 | 2 x 5 | . . . | 2 x 10 | 2 x 25 | 2 x 50 | 2 x 100 | 2 x n |

## പ്രവർത്തനം 3

പൂർണവർഗ്ഗസംഖ്യകളുടെ ശ്രേണി പരിഗണിക്കുക .

1 , 4 , 9 , 16 , 25 , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| 1 | 4 | 9 | 16 | 25 |

| 10 -)o പദം | 21 -)o പദം | 30 -)o പദം | 50 -)o പദം | n -)o പദം |
|---|---|---|---|---|
| 100 | 441 | 900 | 2500 | $n^2$ |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 | . . . | 10 | 21 | 30 | 50 | n |
|---|---|---|---|---|---|---|---|---|---|---|---|
| പദം | 1 x 1 | 2 x 2 | 3 x 3 | 4 x 4 | 5 x 5 | . . . | 10x 10 | 21 x 21 | 30 x 30 | 50 x 50 | n x n |

## പ്രവർത്തനം 4

എണ്ണൽസംഖ്യകളുടെ വ്യുൽക്രങ്ങളുടെ ശ്രേണി പരിഗണിക്കുക .

$\frac{1}{1}$ , $\frac{1}{2}$ , $\frac{1}{3}$ , $\frac{1}{4}$ , $\frac{1}{5}$ , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| $\frac{1}{1}$ | $\frac{1}{2}$ | $\frac{1}{3}$ | $\frac{1}{4}$ | $\frac{1}{5}$ |

| 10 -)o പദം | 25 -)o പദം | 50 -)o പദം | 100 -)o പദം | n -)o പദം |
|---|---|---|---|---|
| $\frac{1}{10}$ | $\frac{1}{25}$ | $\frac{1}{50}$ | $\frac{1}{100}$ | $\frac{1}{n}$ |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 | . . . | 10 | 25 | 50 | 100 | n |
|---|---|---|---|---|---|---|---|---|---|---|---|
| പദം | $\frac{1}{1}$ | $\frac{1}{2}$ | $\frac{1}{3}$ | $\frac{1}{4}$ | $\frac{1}{5}$ | . . . | $\frac{1}{10}$ | $\frac{1}{25}$ | $\frac{1}{50}$ | $\frac{1}{100}$ | $\frac{1}{n}$ |

## പ്രവർത്തനം 5

ചിത്രത്തിലേതുപോലെ പൊട്ടുകളടുക്കി വക്കുന്നു . ഇങ്ങനെ തുടരുന്നു .ഓരോ കൂട്ടത്തിലുമുള്ള പൊട്ടുകളുടെ എണ്ണത്തിന്റെ ശ്രേണി പരിഗണിക്കുക .



1 , 3 , 6 , 10 , 15 , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| 1 | 1 + 2 | 1 + 2 + 3 | 1 + 2 + 3 + 4 | 1 + 2 + 3 + 4 +5 |

| 10 -)ം പദം | 25 -)ം പദം | 50 -)ം പദം | 100 -)ം പദം | n -)ം പദം |
|---|---|---|---|---|
| 1 +2 + 3 + . . . + 10 | 1 +2 + 3 + . . . + 25 | 1 +2 + 3 + . . . + 50 | 1 +2 + 3 + . . . + 100 | 1 +2 + 3 + . . . + n |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| പദം | 1 | 1 + 2 | 1 + 2 + 3 | 1 + 2 + 3 + 4 | 1 + 2 + 3 + 4 +5 |

| 10 | 25 | 50 | 100 | n |
|---|---|---|---|---|
| 1 +2 + 3 + . . . + 10 | 1 +2 + 3 + . . . + 25 | 1 +2 + 3 + . . . + 50 | 1 +2 + 3 + . . . + 100 | 1 +2 + 3 + . . .+ n |

## പ്രവർത്തനം 6

സമഭുജത്രികോണം , സമചതുരം , സമപഞ്ചഭുജം എന്നിങ്ങനെ തുടരുന്ന ജ്യാമിതീയരൂപങ്ങളുടെ അകക്കോണുകളുടെ തുകകളുടെ ശ്രേണി പരിഗണിക്കുക .

(ഏതു ബഹുഭുജത്തിന്റെയും ഒരു മൂലയിൽനിന്ന് പരമാവധി വികർണങ്ങൾ വരച്ച് അതിനെ ത്രികോണങ്ങളായി മുറിച്ച് കോണുകളുടെ തുക കാണാം )



$180^0$ , $360^0$ , $540^0$ , $720^0$ , . . .

| ഒന്നാംപദം | രണ്ടാംപദം | മൂന്നാംപദം | നാലാംപദം | അഞ്ചാംപദം |
|---|---|---|---|---|
| $180^0$ | $2 \times 180^0$ | $3 \times 180^0$ | $4 \times 180^0$ | $5 \times 180^0$ |

| 10 -)ം പദം | 25 -)ം പദം | 50 -)ം പദം | 100 -)ം പദം | n -)ം പദം |
|---|---|---|---|---|
| $10 \times 180^0$ | $25 \times 180^0$ | $50 \times 180^0$ | $100 \times 180^0$ | $n \times 180^0$ |

അതായത് ,

| പദങ്ങളുടെ സ്ഥാനം | 1 | 2 | 3 | 4 | 5 | . . . | 10 | 25 | 50 | 100 | n |
|---|---|---|---|---|---|---|---|---|---|---|---|
| പദം | $180^0$ | $360^0$ | $540^0$ | $720^0$ | $900^0$ | . . . | $1800^0$ | $4500^0$ | $9000^0$ | $18000^0$ | $n \times 180^0$ |

## കണ്ടെത്തലുകൾ

- ഒരു ശ്രേണിയിലെ ഓരോ പദവും അതിന്റെ സ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. .
- n - )0 പദമെന്നത് ഒരു ശ്രേണിയുടെ സാമാന്യ രൂപമാണ് .
- ഒരു ശ്രേണിയുടെ n - )0 പദത്തെ ആ ശ്രേണിയുടെ ബീജഗണിതരൂപം എന്ന് പറയുന്നു

| പ്രവർത്തനം | ശ്രേണി | ബീജഗണിതരൂപം |
|---|---|---|
| 1 | 1 , 2 , 3 , 4 , 5 , . . . | n |
| 2 | 2 , 4 , 6 , 8 , 10 , . . . | 2n |
| 3 | 1 , 4 , 9 , 16 , 25 , . . . | $n^2$ |
| 4 | $\frac{1}{1}$ , $\frac{1}{2}$ , $\frac{1}{3}$ , $\frac{1}{4}$ , $\frac{1}{5}$ , . . . . | $\frac{1}{n}$ . . |
| 5 | 1 , 3 , 6 , 10 , 15 , . . . | 1 +2 + 3 + . . .+ n |
| 6 | $180^0$ , $360^0$ , $540^0$ , $720^0$ , . . . | $n \times 180^0$ |

## ക്രോഡീകരണം

**ഒരു ശ്രേണിയിലെ പദങ്ങളും അവയുടെ സ്ഥാനവും തമ്മിലുള്ള ബന്ധം ബീജഗണിതരീതിയിൽ പറയുന്നതിനെ ആ ശ്രേണിയുടെ ബീജഗണിതരൂപം ( Algebraic form ) എന്ന് പറയുന്നു .**

## തുടർപ്രവർത്തനം .

(1) ചുവടെപ്പറയുന്ന സംഖ്യാശ്രേണികൾ ഓരോന്നിന്റെയും ബീജഗണിതരൂപം എഴുതുക.

(i) ഒറ്റസംഖ്യകളുടെ ശ്രേണി

(ii) 3 കൊണ്ടു ഹരിച്ചാൽ 1 ശിഷ്ടം വരുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി

(iii) 1 ൽ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി

(iv) 1 ലോ 6 ലോ അവസാനിക്കുന്ന എണ്ണൽസംഖ്യകളുടെ ശ്രേണി

(2) സമഭുജത്രികോണം, സമചതുരം, സമപഞ്ചഭുജം എന്നിങ്ങനെ തുടരുന്ന ജ്യാമിതീയരൂപങ്ങളുടെ അകക്കോണുകളുടെ തുക, പുറംകോണുകളുടെ തുക, ഒരു അകക്കോണിന്റെ അളവ്, ഒരു പുറംകോണിന്റെ അളവ് എന്നീ ശ്രേണികളുടെ ബീജഗണിതരൂപം എഴുതുക.

(3) ഈ ചിത്രങ്ങൾ നോക്കൂ



6YB3GX

ഒരു സമഭുജത്രികോണത്തിന്റെ വശങ്ങളുടെ മധ്യബിന്ദുക്കൾ യോജിപ്പിച്ചുകിട്ടുന്ന ചെറിയ ത്രികോണം വെട്ടിമാറ്റിയതാണ് ആദ്യത്തെ ചിത്രം. ഇതിലെ മൂന്നു ചുവന്ന ത്രികോണങ്ങളിൽനിന്നും ഇതുപോലെ നടുവിലെ ത്രികോണം വെട്ടിമാറ്റിയതാണ് രണ്ടാമത്തെ ചിത്രം. ഈ ക്രിയ ഒരിക്കൽകൂടി ചെയ്തതാണ് മൂന്നാം ചിത്രം.

(i) ഓരോ ചിത്രത്തിലും എത്ര ചുവന്ന ത്രികോണങ്ങളുണ്ട്?

(ii) ഒന്നും വെട്ടിമാറ്റാത്ത മുഴുവൻ ത്രികോണത്തിന്റെ പരപ്പളവ് 1 എന്നെടുത്ത്, ഓരോ ചിത്രത്തിലെയും ഒരു ചെറിയ ത്രികോണത്തിന്റെ പരപ്പളവ് കണക്കാക്കുക.

(iii) ഓരോ ചിത്രത്തിലെയും ചുവന്ന ത്രികോണങ്ങളുടെ ആകെ പരപ്പളവ് എത്രയാണ്?

(iv) ഇങ്ങനെ തുടർന്നാൽ കിട്ടുന്ന ഈ മൂന്നു ശ്രേണികളുടെയും ബീജഗണിതരൂപം എഴുതുക.